**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 94**
**- 08.02.2016-ന് മറുപടി**
**നൽകേണ്ടത്**

## കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. കെ.കെ. ജയചന്ദ്രൻ** | **ശ്രീ. ഉമ്മൻ ചാണ്ടി , ബഹു. മുഖ്യമന്ത്രി** |
| എ. | കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ പദ്ധതി ഈ സർക്കാർ ഏത് വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു; | കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ ഈ സർക്കാർ 2011-12 ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. |
| ബി | ഒരു തദ്ദേശ സ്ഥാപനത്തിൽ നിന്ന് എത്ര യുവാക്കളെ വീതം തെരെഞ്ഞെടുത്തു; എത്ര പേർക്ക് പരിശീലനം നൽകി; ഇതിൽ നിന്നും അഞ്ചിൽ കുറയാത്ത അംഗങ്ങൾ ചേർന്ന് എത്ര ചെറുകിട-മൈക്രോ വ്യവസായ സംരംഭങ്ങൾക്ക് രൂപം നൽകുമെന്നായിരുന്നു പ്രഖ്യാപനം നടത്തിയിരുന്നത്; ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കാമോ; | 50,000 യുവജനങ്ങളെ തെരെഞ്ഞെടുത്ത് വിദഗ്ധ തൊഴിൽ പരിശീലനം നൽകി, 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച്, 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ നൽകും എന്നായിരുന്നു ബഡ്ജറ്റ് പ്രഖ്യാപനം. |
| സി | ഈ പദ്ധതി പ്രകാരം കെ.എഫ്.സി. എത്ര സംരംഭകർക്ക് സഹായം നൽകുകയുണ്ടായി; കെ.എഫ്.സി. നൽകിയ പലിശരഹിത വായ്പ എത്ര; ജില്ല തിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കാമോ; മാനേജീരിയൽ സബ്സിഡിയായി നൽകിയ തുക എത്ര; | ഈ പദ്ധതി മുഖേന 31.12.2015 ലെ കണക്കുകൾ പ്രകാരം 3134 സംരംഭകർക്ക് സഹായം നൽകുകയുണ്ടായി. (കെ.എഫ്.സി. 2460, മറ്റ് ധനകാര്യ സ്ഥാപനം 674). കെ.എഫ്.സി. പലിശരഹിത വായ്പ ഇനത്തിൽ 13299.27 ലക്ഷം രൂപ അനുവദിക്കുകയും 10329.65 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തു. മറ്റ് ധനകാര്യ സ്ഥാപനങ്ങൾ മുഖേന 2024.33 ലക്ഷം രൂപ വായ്പ ഇനത്തിൽ അനുവദിക്കുയും 1820.8 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തു. 31.12.2015 വരെയുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. മാനേജീരിയൽ സബ്സിഡിയായി രൂപയൊന്നും നൽകിയിട്ടില്ല. |

| ജില്ല | കെ.എഫ്.സി. | | | | മറ്റ് ധനകാര്യ സ്ഥാപനങ്ങൾ | | | | മൊത്തം | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | സംരംഭങ്ങൾ | സംരംഭകർ | വായ്പ അനുവദിച്ച തുക | വായ്പ വിതരണം ചെയ്ത തുക | സംരംഭങ്ങൾ | സംരംഭകർ | വായ്പ അനുവദിച്ച തുക | വായ്പ വിതരണം ചെയ്ത തുക | സംരംഭങ്ങൾ | സംരംഭകർ | വായ്പ അനുവദിച്ച തുക | വായ്പ വിതരണം ചെയ്ത തുക |
| തിരുവനന്തപുരം | 157 | 371 | 2106.30 | 1702.83 | 70 | 153 | 408.34 | 402.39 | 227 | 524 | 2514.64 | 2105.22 |
| കൊല്ലം | 43 | 75 | 536.10 | 403.79 | 10 | 16 | 76.39 | 74.31 | 53 | 91 | 612.49 | 478.10 |
| പത്തനംതിട്ട | 23 | 52 | 231.36 | 163.76 | 5 | 9 | 49.46 | 47.26 | 28 | 61 | 280.82 | 211.02 |
| കോട്ടയം | 55 | 128 | 712.21 | 579.84 | 29 | 70 | 340.23 | 298.37 | 84 | 198 | 1052.44 | 878.21 |
| ആലപ്പുഴ | 30 | 51 | 288.99 | 214.48 | 35 | 68 | 216.26 | 204.62 | 65 | 119 | 505.25 | 419.10 |
| എറണാകുളം | 140 | 301 | 1768.82 | 1434.49 | 28 | 65 | 154.96 | 130.26 | 168 | 366 | 1923.78 | 1564.75 |
| ഇടുക്കി | 119 | 261 | 1198.32 | 939.66 | 1 | 2 | 0 | 0 | 120 | 263 | 1198.32 | 939.66 |
| തൃശ്ശൂർ | 33 | 71 | 383.47 | 243.38 | 16 | 29 | 115.69 | 108.89 | 49 | 100 | 499.16 | 352.27 |
| മലപ്പുറം | 139 | 334 | 1753.80 | 1394.52 | 46 | 113 | 327.89 | 311.35 | 185 | 447 | 2081.69 | 1705.87 |
| പാലക്കാട് | 66 | 129 | 723.12 | 621.54 | 25 | 50 | 96.33 | 60.87 | 91 | 179 | 819.45 | 682.41 |
| കോഴിക്കോട് | 106 | 223 | 1245.22 | 740.71 | 16 | 40 | 90.49 | 53.09 | 122 | 263 | 1335.71 | 793.80 |
| വയനാട് | 74 | 168 | 909.04 | 674.88 | 9 | 24 | 44.30 | 37.40 | 83 | 192 | 953.34 | 712.28 |
| കണ്ണൂർ | 76 | 192 | 918.14 | 770.65 | 8 | 18 | 37.49 | 33.49 | 84 | 210 | 955.63 | 804.14 |
| കാസർഗോഡ് | 47 | 104 | 524.38 | 445.12 | 6 | 17 | 66.50 | 58.50 | 53 | 121 | 590.88 | 503.62 |
| മൊത്തം | 1108 | 2460 | 13299.27 | 10329.65 | 304 | 674 | 2024.33 | 1820.8 | 1412 | 3134 | 15323.6 | 12150.45 |

| | | |
|---|---|---|
| ഡി. | ഒരു ലക്ഷം പേർക്ക് പുതുതായി തൊഴിൽ ലഭിക്കും എന്ന് പ്രഖ്യാപിച്ച് നടത്തിയ ഈ പദ്ധതി വഴി എത്ര പേർക്ക് തൊഴിൽ ലഭിച്ചു; | ഈ പദ്ധതി പ്രകാരം ഇതുവരെ7346 പേർക്ക് തൊഴിൽ ലഭിച്ചു. (3134 സംരംഭകർ) |
| ഇ. | ഈ പദ്ധതി പ്രഖ്യാപിച്ചതിനുശേഷം പദ്ധതിയുടെ ഉദ്ഘാടത്തിനും പരസ്യങ്ങൾക്കും മറ്റുമായി നാളിതുവരെ സർക്കാർ ഖജനാവിൽ നിന്ന് ചെലവായ തുക എത്ര? | ഈ പദ്ധതിയുടെ ഉദ്ഘാടനത്തിനും പരസ്യങ്ങൾക്കും മറ്റുചെലവുകൾക്കുമായി നാളിതുവരെ 1,14,94,048 രൂപ ചെലവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**